(സി) വെയിറിംഗ് ലിസ്റ്റിൽ നിന്നും എടുത്ത കുട്ടികൾക്ക് ഇൻഡ്യൻ നേഴ്സിംഗ് കൗൺസിലിന്റെ സിലബസ് സനുസരിച്ച് ഒന്നര വർഷത്തെ പരിശീലനം പൂർത്തിയാകുന്നില്ല. അതിനാൽ അങ്ങനെയുള്ള കുട്ടികൾക്ക് ഈ അദ്ധ്യയനവർഷത്തിൽ ഏപ്രിൽ മാസത്തിൽ നടത്തുന്ന പരീക്ഷയ്ക്ക് ഇരിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. അവർക്കുവേണ്ടി 1986 ജൂലായ്/ആഗസ്റ്റ് മാസത്തിൽ പരീക്ഷ നടത്തുവാൻ നടപടി എടുത്തിട്ടുണ്ട്.

സ്വകാര്യ മേഖലയിലെ നേഴ്സിംഗ് ഹോമുകളും ആശുപത്രികളും

384. (569) ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. പി. പ്രഭാകരൻ :
ഡോക്ടർ സുബ്ബറാവു :
ശ്രീ. കെ. ഇ. ഇസ്മയിൽ :
,, കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ എത്ര നേഴ്സിംഗ് ഹോമുകളും ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയിൽ എത്രയെണ്ണം നിയമപ്രകാരമുള്ള ഔഷധസംഭരണ-വിതരണത്തിനുള്ള ലൈസൻസ് എടുത്തിട്ടുണ്ട് ;

(സി) ഈ വകയിൽ സർക്കാരിന് എത്രത്തോളം നഷ്ടമാകുന്നുണ്ട്?

ഉത്തരം

(എ) കൃത്യമായി കണക്കു വിവരം ലഭ്യമല്ല. ഡ്രഗ്സ് ആൻഡ് കോസ്മെറിക്സ് ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ചാരിറബ്ലിം സ്ഥാപനങ്ങളും, രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണർമാർ സ്വന്തം രോഗികളെ ചികിൽസിക്കുന്ന ഡിസ്പെൻസറികളും എന്നിവ ഒഴിവാക്കിയാൽ ഏകദേശം 2000 സ്ഥാപനങ്ങൾ ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു.

(ബി) 7 സ്വകാര്യ ആശുപത്രികൾ മാത്രം.

(സി) സർക്കാരിന് ലൈസൻസ് ഫീസ് ഇനത്തിൽ നാമമാത്രമായ വരുമാനമുണ്ടാകുമെങ്കിലും, അതിനുവേണ്ടി പുതിയതായി നിയമിക്കേണ്ടിവരുന്ന ഉദ്യോഗസ്ഥൻമാരുടെ ശമ്പളച്ചെലവ് കണക്കാക്കുമ്പോൾ സർക്കാരിന് വരുമാനത്തേക്കാൾ ചിലവ് കൂടുതലുണ്ടാകും.

തിരുവനന്തപുരം ആയുർവേദ കോളേജിലെ ദ്രവ്യഗുണ വിജ്ഞാനം എം. ഡി. വിദ്യാർത്ഥികളുടെ ഗൈഡ്

385. (570) ശ്രീ. വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആയുർവേദ കോളേജിലെ ആശുപത്രിയിൽ ഫൈനക്കോളജിയിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ബിരുദമുള്ള വ്യക്തി ഫാർമകോളജി (ദ്രവ്യഗുണവിജ്ഞാനം) ക്ക് എം. ഡി. വിദ്യാർത്ഥികളെ ഗൈഡ് ചെയ്യുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly